ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും പ്രവാസികാര്യ മന്ത്രാലയത്തിന്റെയും സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. അർഹരായവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിനുവേണ്ട പ്രചാരണം നൽകുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പുതുക്കിയ നിബന്ധനകൾ പ്രകാരം സഹായത്തിന് അപേക്ഷിക്കുവാനുള്ള ഫോമിന്റെ മാതൃക നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് ബന്ധപ്പെട്ട ഇന്ത്യൻ മിഷനുകളുമായി നോർക്ക വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്.

പക്ഷിപ്പനിക്കെതിരെ മുൻകരുതലുകൾ

13 (*283) ശ്രീ. ജി. സുധാകരൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്തത് എവിടെ ആയിരുന്നു ;

(ബി) പക്ഷിപ്പനി കൂടുതൽ മേഖലയിലേക്ക് പടരാതിരിക്കാൻ പ്രതിരോധ പ്രവർത്തനത്തിനുള്ള കിറ്റുകൾ സജ്ജമാക്കിയിരുന്നുവോ ;

(സി) സംസ്ഥാനത്ത് പക്ഷിപ്പനിപോലുള്ള രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്തത് ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, കോട്ടയം ജില്ലയിലെ അയ്മനം എന്നീ പ്രദേശങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ കൈവശം ഉണ്ടായിരുന്ന എണ്ണൂറോളം കിറ്റുകൾ ഉപയോഗിച്ച് പ്രതിരോധ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തിനകത്ത് നിന്നും, പുറമെ നിന്നുമായി 2000 കിറ്റുകൾ കൂടി അടിയന്തരമായി വാങ്ങി. കൂടുതൽ കിറ്റുകൾ ആവശ്യമായതിനാൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച 10000 കിറ്റുകൾ ഡൽഹിയിൽ നിന്നും വിമാനമാർഗ്ഗം കൊണ്ടുവന്നു. കൂടാതെ അടിയന്തര സാഹചര്യം നേരിടുന്നതിന് കൂടുതലായി 10000 കിറ്റുകൾ വാങ്ങുന്നതിനുവേണ്ട നടപടികളും എടുത്തിട്ടുണ്ട്.

(സി) വകുപ്പിന് കീഴിലുള്ള തിരുവല്ല പക്ഷിരോഗനിർണ്ണയ ലബോറട്ടറി, പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസ്, പാലക്കാട് റീജീയണൽ ഡയഗ്നോസ്റ്റിക് ലബോറട്ടറി എന്നിവിടങ്ങളിൽ പക്ഷിപ്പനി പോലുള്ള രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പ്രാഥമികപരിശോധകൾ നടത്തുന്നതിനുള്ള സംവിധാനമുണ്ട്. എന്നാൽ രോഗം സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളോ അംഗീകാരമോ ടി ലാബുകൾക്കില്ല.

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ്

14 (*284) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) വീട്ടുകരത്തിൽ ഇളവനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകമാകും എന്നാണ് പ്രതിപാദിക്കുന്നത് ;

(ഡി) കമ്പോസ്റ്റ് നിർമ്മാണം മാലിന്യ സംസ്കരണം എന്നിവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly